പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1105 | 11.07.2011 ൽ മറുപടിക്ക്

## കുഞ്ചൻ നമ്പ്യാർ സ്മാരകത്തിൽ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. ഹംസ : | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി.) | |
| (എ) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ "കുഞ്ചൻ നമ്പ്യാർ സ്മാരക"ത്തിൽ 2006-11 കാലഘട്ടത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തിയെന്ന് വ്യക്തമാക്കാമോ ; | (എ) | ഓട്ടൻ തുള്ളലിന്റെ വ്യാപകമായ പ്രചാരണത്തിന്റെ ഭാഗമായി കുഞ്ചൻ നമ്പ്യാർ സ്മാരക കലാപീഠം ആരംഭിച്ചു. ഓട്ടൻ തുള്ളലിന് പുറമെ മൃദംഗം, കർണ്ണാടക സംഗീതം, മോഹിനിയാട്ടം എന്നീ വിഷയങ്ങൾ കൂടി പഠിപ്പിക്കുന്നു. കൂടാതെ ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ 500 പേർക്ക് ഇരിക്കാവുന്ന നാട്യശാല നിർമ്മിച്ചു. മൂന്നുതരം തുള്ളലിന്റെ ഇംഗ്ലീഷ് തർജ്ജമയോടു കൂടി 'ത്രിതാളം' എന്ന പേരിൽ വീഡിയോ കാസറ്റ് നിർമ്മിച്ചു. സ്മാരകത്തിന്റെ വെബ്സൈറ്റ് നിലവിൽ വന്നു. |
| (ബി) | പ്രസ്തുത കുഞ്ചൻ സ്മാരകത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഗ്രാന്റ് അനുവദിക്കണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | ഗ്രാന്റ് അടിയന്തിരമായി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | ഇക്കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ